**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5300** **21-03-2025 - ൽ മറുപടിയ്ക്ക്**

**സമാശ്വാസം പദ്ധതിയുടെ 2024-25-ലെ പദ്ധതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുതരമായ രോഗം ബാധിച്ചവർക്ക് ധനസഹായം നൽകിവരുന്ന സമാശ്വാസം പദ്ധതിയുടെ 2024-25-ലെ പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; | (എ) | 2024-25 സാമ്പത്തിക വർഷം 6 കോടി രൂപയാണ് സമാശ്വാസം പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ വിവിധ പദ്ധതികൾക്ക് പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതുമായി ബന്ധപ്പെട്ട്, ബജറ്റ് വിഹിതം പുന:ക്രമീകരണം നടത്തിയപ്പോൾ സമാശ്വാസം പദ്ധതിയ്ക്ക് 4.80 കോടി രൂപ ചെലവഴിക്കാനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. അതിൽ ഇതുവരെ അനുവദിച്ച 2.80 കോടി രൂപ വിനിയോഗിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്താനുള്ള കാരണം വിശദമാക്കാമോ; | (ബി) | 2024-25 സാമ്പത്തിക വർഷം 6 കോടി രൂപയാണ് സമാശ്വാസം പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ വിവിധ പദ്ധതികൾക്ക് പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതുമായി ബന്ധപ്പെട്ട്, ബജറ്റ് വിഹിതം പുന:ക്രമീകരണം നടത്തിയപ്പോൾ സമാശ്വാസം പദ്ധതിയ്ക്ക് 4.80 കോടി രൂപ ചെലവഴിക്കാനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. അതിൽ ഇതുവരെ അനുവദിച്ച 2.80 കോടി രൂപ വിനിയോഗിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പദ്ധതി അടങ്കൽ വെട്ടിക്കുറച്ച നടപടി പിൻവലിച്ചുകൊണ്ട് അർഹതപ്പെട്ട എല്ലാവർക്കും കുടിശിക കൂടാതെ ധനസഹായം വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സമാശ്വാസം പദ്ധതിയ്ക്ക് ആദ്യഗഡുവായി അനുവദിച്ച 1.80 കോടി രൂപ വിനിയോഗിച്ച് യഥാസമയം ലൈഫ് സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി അനുവദിച്ച 1 കോടി രൂപ ഉപയോഗിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ